പാഠം 3 ഒക്ടോബർ 14–20

# മനുഷ്യന്റെ അവസ്ഥ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 1:16,17, 22–32; 2:1–10; 17–23; 3:1,2, 10–18,23.**

**മനഃപാഠവാക്യം: "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമ. 8:23).**

റോമാലേഖനത്തിന്റെ ആദ്യഭാഗത്തുതന്നെ പൗലൊസ് നിർണ്ണായകമായ ഒരു സത്യം വെളിപ്പെടുത്താൻ ആഗ്രഹിച്ചു. അത് സുവിശേഷത്തിന്റെ മുഖ്യസ്ഥാനത്ത് നിൽക്കുന്നു. മനുഷ്യന്റെ വീഴ്ചമുതൽ ഈ സത്യം നിലനില്ക്കുന്നു. നാമെല്ലാം പാപം മൂലം മലിനപ്പെട്ടിരിക്കുന്നു. നമുക്ക് കണ്ണുകൾക്ക് നിറം ലഭിക്കുന്നതുപോലെ നമ്മുടെ സ്വഭാവങ്ങൾ നിയന്ത്രിക്കുന്ന കോശഭാഗങ്ങളിൽ പാപം ശക്തമായി പതിഞ്ഞിട്ടുണ്ട്.

മാർട്ടിൻ ലൂഥർ തന്റെ റോമാലേഖന വ്യാഖ്യാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ എഴുതിയിട്ടുണ്ട്. "എല്ലാവരും പാപത്തിൻ കീഴിൽ" എന്ന പ്രയോഗം ഒരു ആത്മീക കാഴ്ചപ്പാടിൽ നാം കാണണം. എങ്ങനെയെന്നു പറഞ്ഞാൽ മനുഷ്യൻ അവരുടെ കണ്ണിലോ, മറ്റാരുടെയെങ്കിലും കണ്ണിലോ പ്രത്യക്ഷപ്പെടുന്നതുപോലെയല്ല കാണേണ്ടത്. പിന്നെയോ, ദൈവമുമ്പാകെ, എങ്ങനെയോ അങ്ങനെ ആകണം. എല്ലാവരും പാപത്തിൻ കീഴിൽ ആയി. മനുഷ്യ മുമ്പാകെ ലംഘനം വ്യക്തമായി പ്രകടിപ്പിക്കുകയും നീതിമാന്മാരായി അവരുടെ മുൻപിൽ കാണപ്പെടുകയും ചെയ്യുന്നു. ബാഹ്യമായി, സൽപ്രവൃത്തികൾ ചെയ്യുന്നവർ ശിക്ഷയെ ഭയന്നിട്ടായിരിക്കും അങ്ങനെ ചെയ്യുന്നത്. അല്ലെങ്കിൽ, ലാഭത്തിനോ മഹത്വത്തിനോ ആയിരിക്കും. ഇതൊന്നുമല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനോടുള്ള അടങ്ങാത്ത അഭിനിവേശം കൊണ്ടായിരിക്കും അങ്ങനെയുള്ളവർ അർപ്പണബോധം കൊണ്ടോ, സ്വമനസ്സാലയോ അല്ല സൽപ്രവൃത്തികൾ ചെയ്യുന്നത്. മറ്റുള്ളവർക്ക് വിളങ്ങേണ്ടതിനു ഇങ്ങനെയുള്ളവർ തുടർച്ചയായി സൽപ്രവർത്തികൾ ചെയ്യുന്നു. എന്നാൽ അകമേ അവർ പാപപങ്കിലമായ ആഗ്രഹങ്ങളിലും നീചവികാരങ്ങളിലും അത്യാസക്തിയിലും മുങ്ങിത്താഴുന്നു. ഇത് ദൈവം ആഗ്രഹിക്കുന്ന ജീവിതത്തിന് വിപരീതം ആണ്." Martin Luther Commentary on Romans P.69.

**ഞായർ ഒക്ടോബർ 15**

**ദൈവശക്തി**

**"സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാ**

**സത്തിനായിക്കൊണ്ടും വെളിപ്പെടുന്നു. നീതിമാൻ വിശ്വാസത്താൽ ജീവിക്കും; എന്ന് എഴുതിയിരിക്കുന്നുവല്ലോ." റോമ. 1:16,17; റോമ. 1:16,17 നിങ്ങളോട് സംസാരിക്കുന്നത് എന്താണ്? അവിടെ, പ്രത്യാശയും വാഗ്ദത്തങ്ങളും നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെടുന്നു?**

ധാരാളം പ്രസക്ത പ്രതിപാദ്യ വാക്കുകൾ ഈ വായനാ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു ഗ്രീക്കു പദത്തിന്റെ ഭാഷാന്താരം ആണ് സുവിശേഷം എന്ന പദം. അക്ഷരാർത്ഥത്തിൽ 'നല്ല ദൂത്' അല്ലെങ്കിൽ 'സുവാർത്ത' എന്നർത്ഥം. ഏതു നല്ല വാർത്തയ്ക്കും 'സന്ദേശം' എന്നു പറയും. എന്നാൽ അല്പം കൂടി അർത്ഥ വ്യാപ്തി വരുത്തിയാൽ "ക്രിസ്തുവിനെക്കുറിച്ചുള്ള സുവാർത്ത" മശീഹായെക്കുറിച്ചുള്ള നല്ല വാർത്ത എന്നർത്ഥം (മശീഹാ എന്ന ഗ്രീക്കു പദം ലിപി മാറ്റി എഴുതിയതാണ് 'ക്രിസ്തു' എന്നത്).

ഭൂമിയിൽ വന്ന മശീഹായിൽ വിശ്വസിച്ച് മാനവന് രക്ഷ പ്രാപിക്കാം എന്നുള്ളതാണ് സുവാർത്ത. യേശക്രിസ്തുവിലും അവന്റെ സമ്പൂർണ്ണ നീതിയിലും മാത്രമാണ് രക്ഷ. സ്വയം നന്മയിലോ, ദൈവകല്പനയിലോ രക്ഷ കണ്ടെത്താൻ ആകില്ല.

**നീതീകരണം:-** ദൈവത്തിന്റെ സ്വഭാവത്തിന് യുക്തമായി നാം ആകുക എന്നാണ് ഈ വാക്ക് പ്രതിനിധാനം ചെയ്യുന്ന അർത്ഥം. ഈ വാക്കിന്റെ സവിശേഷ ഭാവം റോമാലേഖനത്തിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. നമ്മുടെ പാഠപഠനത്തിന്റെ മുമ്പോട്ടുള്ള ഭാഗങ്ങളിൽ നാം അത് കണ്ടെത്തും. റോമ. 1:17 ൽ കൂടുതൽ വ്യക്തത കാണാൻ കഴിയും. "അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നു." "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നു എഴുതിയിരിക്കുന്നുവല്ലോ. 'ദൈവത്തിന്റെ' എന്ന വാക്യാംശമായ പദ സമുച്ചയത്തിൽ നിന്നും അതിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കാം. നീതി ദൈവത്തിൽ നിന്നും വരുന്നു. ആ നീതി ദൈവം നൽകുന്നതാണ്. മനസ്സിലാക്കുക!, ദൈവം നമ്മോട് വാഗ്ദത്തം ചെയ്ത നിത്യജീവൻ കരസ്ഥമാക്കാനുള്ള ഓരേയൊരു മാർഗ്ഗം ഈ ദൈവനീതിയാണ്.

വിശ്വാസം:- പിസ്റ്റിയോ (Pisteuo) എന്ന പദം ഭാഷാന്തരം ചെയ്തിരിക്കുന്നത് 'വിശ്വാസം', 'വിശ്വസിക്കുക' എന്ന വാക്കുകളാൽ ആണ്. ഈ വാക്യങ്ങളിൽ നാമത്തിനും ക്രിയയ്ക്കും ഒരേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പിസ്റ്റിയോ (Pisteuo) വിശ്വസിക്കുക, 1 പിസ്റ്റിസ് (Pistis) വിശ്വാസം. വിശ്വാസത്തിന്റെ ആന്തരാർത്ഥം പാപ വിമോചനം എന്നാണ്. (രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു). റോമാലേഖനം തുടർന്നു പഠിക്കുമ്പോൾ അത് മനസ്സിലാകും.

**വാഗ്ദാനങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും നിങ്ങൾക്ക് ആകുലതയുണ്ടോ? രക്ഷയിൽ ആയോ, ഇല്ലയോ എന്ന് സംശയം ഉളവായ സമയങ്ങൾ ഉണ്ടായിട്ടുണ്ടോ? അതോ, രക്ഷ എനിക്ക് ലഭിക്കുമോയെന്ന് എപ്പോഴെങ്കിലും നിങ്ങൾ സംശയിച്ചിട്ടുണ്ടോ? ഇത്തരം ഭയം എങ്ങനെയുണ്ടാകുന്നു? ഇങ്ങനെയുള്ള ഭീതികൾക്ക് എന്താണ് അടിസ്ഥാനം? യാഥാർത്ഥ്യവുമായി ഇതിന് എന്തെങ്കിലും**

**ബന്ധമുണ്ടോ? നിങ്ങളുടെ ജീവിത ശൈലി നിങ്ങളുടെ രക്ഷയെ നിഷേധിക്കുന്ന തരത്തിലുള്ളതാണോ? അങ്ങനെയെങ്കിൽ, യേശുവിലുള്ള വാഗ്ദത്തങ്ങളുടെ ഉറപ്പിനായി എന്തു തീരുമാനങ്ങൾ നിങ്ങൾ കൈക്കൊള്ളണം?**

**തിങ്കൾ** **ഒക്ടോബർ 16**

**എല്ലാവരും പാപം ചെയ്തു**

**വായിക്കുക: -റോമ. 3:23. ക്രിസ്ത്യാനികൾ എന്ന നിലയിൽ ഇന്നത്തെ കാലത്ത് ഈ ദൂത് വിശ്വസിക്കാൻ നമുക്കു വൈഷ്യമ്യം ഇല്ലാത്തത് എന്തുകൊണ്ട്? അതേസമയം ചില ആളുകൾ ഈ തിരുവചന സത്യത്തെ എന്തുകൊണ്ട് ചോദ്യം ചെയ്യുന്നു?**

മനുഷ്യന്റെ പാപാവസ്ഥ എന്ന ചിന്തയെ ചിലർ ചോദ്യം ചെയ്യുന്നു എന്ന അറിവ് വിസ്മയം ഉളവാക്കുന്നതാണ്. അതിന് അവർ നിരത്തുന്ന കാരണങ്ങൾ അടിസ്ഥാനപരമായി മനുഷ്യൻ നന്മചെയ്യുന്നവനാണ് എന്നാണ്. യഥാർത്ഥ നന്മ എന്നാൽ എന്ത് എന്നതിനെക്കുറിച്ച് വ്യക്തമായ രൂപം ഇല്ലാത്തതാണ് പ്രശ്നത്തിന്റെ ഉറവിടം. മറ്റു പലരുമായി താരതമ്യം ചെയ്ത് അവർ നന്മയുള്ളവരാണെന്ന് അവകാശപ്പെടാം. മറ്റു പലരെയും നമ്മെക്കാൾ മോശക്കാരായി ചിത്രീകരിച്ച് നമുക്ക് നല്ലവരായി ചമയാം. ഒരിക്കലും, ഒരു കാരണവശാലും ആ പ്രവൃത്തി നമ്മെ നല്ലവരക്കുന്നില്ല. പ്രത്യേകിച്ച്, ദൈവ നീതിയും ദൈവ പരിശുദ്ധിയും നമ്മുടേതുമായി തട്ടിച്ച് നോക്കിയാൽ, നമ്മിൽ ആരേയും തന്നെ വെറുപ്പും വിദ്വേഷവും ഇല്ലാത്തവരായി എന്നുവച്ചാൽ, നന്മപ്രവൃത്തികൾ ചെയ്യുന്നവരായി കണ്ടെത്താൻ കഴിയുകയില്ല.

റോമ. 3:23-ൽ ദൈവ തേജസ്സിനെക്കുറിച്ച് പറയുന്നു. ഈ പാദസമുച്ചയം പല വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഒരു പക്ഷേ ഈ വാക്കുകളുടെ ഏറ്റവും ലളിതമായ വ്യാഖ്യാനം 1 കൊരി. 11:7 ൽ കാണുന്നതാണ് "പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകുന്നു." ഗ്രീക്കു ഭാഷയിൽ ഗ്ലോറിക്ക് (Glory) അല്ലെങ്കിൽ തേജസ്സിന്' തുല്യമായ വാക്ക് 'സാദൃശ്യം' (Image) ആണ്. പാപം ദൈവത്തിന്റെ 'സാദൃശ്യം മനുഷ്യനിൽ നഷ്ടപ്പെടുത്തി', പാപിയായ മനുഷ്യന് ദൈവതേജസ്സ് പ്രതിഫലിപ്പിക്കാൻ കഴിയാതെപോയി.

**വായിക്കുക: റോമ. 3:10-18. ഇവിടെ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ? ഇവിടെ വരച്ചു കാണിച്ചിരിക്കുന്ന ഏത് ചിത്രമാണ് വാചാലമായിരിക്കുന്നത്? നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവില്ലെങ്കിൽ നിങ്ങളുടെ അവസ്ഥ എങ്ങനെ?**

ഇങ്ങനെയൊക്കെയാണ് നമ്മുടെ സാഹചര്യം എങ്കിലും നമ്മുടെ അവസ്ഥ അപ്പാടെ നിരാശാജനകമല്ല. എന്തെങ്കിലും ചെയ്യുന്നതിനു മുമ്പായി, എന്നു വെച്ചാൽ, ഒന്നാമതായി നാം നമ്മുടെ പരിതാപകരമായ പാപാവസ്ഥയെക്കുറിച്ചും നമ്മുടെ നിസ്സഹായാവസ്ഥയെപ്പറ്റിയും ഉത്തമബോദ്ധ്യമുള്ളവർ ആയിരിക്കണം. അങ്ങനെയുള്ള ഒരു അനുതാപം (പശ്ചാത്താപം) ഉണ്ടാക്കണമെങ്കിൽ പരിശുദ്ധാത്മാവ് തമ്മിൽ പ്രവർത്തിക്കണം. ഒരു പാപി പരിശുദ്ധത്മാവിന് നേരെ ചെറുത്തു നില്ക്കുന്നില്ലെങ്കിൽ, അവന്റെ സ്വയം പ്രതിരോധം, നാട്യം, സ്വയം നീതീകരണം എന്നീ മുഖംമൂടികൾ

പരിശുദ്ധാത്മാവ് ചീന്തിക്കളയും. അവനെയോ അവളെയോ കർത്താവിലേക്ക് വലിച്ചെടുപ്പിച്ച്, കർത്താവിന്റെ കരുണയ്ക്കായി, കൃപയ്ക്കായി യാചിക്കും. ദൈവമേ പാപിയായ എന്നോടു കരുണ തോന്നണമേ (ലൂക്കൊ. 18:13).

**എന്നാണ് ഏറ്റവും അവസാനം നീ നിന്നെ ശ്രദ്ധിച്ചത്? നിന്റെ ലക്ഷ്യങ്ങളിന്മേലും നിന്റെ പ്രവൃത്തികളിന്മേലും, നിന്റെ വികാരങ്ങളിന്മേലും അവസാനമായി നിന്റെ ശ്രദ്ധ എന്നാണ് പതിഞ്ഞത്? ഇത് വളരെയധികം അസ്വസ്ഥത ഉണ്ടാക്കുന്ന അനുഭവം അല്ലേ? എന്താണ് നിങ്ങളുടെ ഓരേയൊരു രക്ഷ?**

**ചൊവ്വ** **ഒക്ടോബർ 17**

**പുരോഗതി**

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മാനവരാശി എല്ലാ അർത്ഥത്തിലും പുരോഗതി പ്രാപിച്ചു എന്നു ചിന്തിച്ചു തുടങ്ങി. എന്നുവച്ചാൽ സാന്മാർഗ്ഗികത വളരെയധികം ഉയർന്നു. ശാസ്ത്രവും സങ്കേതിക വിദ്യകളും പുരോഗതി പ്രാപിച്ചതു കൊണ്ട് സ്വപ്നതുല്യമായ ഒരു സാങ്കല്പിക ലോകത്തിലേക്ക് എത്തിച്ചേരും എന്നു ധരിച്ചു. മനുഷ്യകുലം പരിപൂർണ്ണതയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു എന്നു വിശ്വാസിച്ചു വന്നു. സദാചാരപരമായി, സ്വീകാര്യമായതും നല്ലതുമായ വിദ്യാഭ്യാസത്തിലൂടെ മനുഷ്യവർഗ്ഗവും സമൂഹവും വളരെയധികം പുരോഗതിയിലേക്ക് എത്തുമെന്ന് കരുതി. ഇരുപതാം നൂറ്റാണ്ടിലേക്ക് കാലെടുത്തു വെയ്ക്കുമ്പോഴേക്കും ഇതെല്ലാം ഒന്നിച്ചു സംഭവിക്കുമെന്ന് എല്ലാവരും വിശ്വാസിച്ചു.

നിർഭാഗ്യവശാൽ അങ്ങനെ സംഭവിച്ചില്ല. എന്തെങ്കിലും സംഭവിച്ചോ? എന്നാൽ ഇരുപതാം നൂറ്റാണ്ട്, ചരിത്രത്തിൽ ഏറ്റവും ആക്രമണോത്സുകതയുള്ളതും അപരിഷ്കൃതമായതുമായ ഒരു നൂറ്റാണ്ടായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ശാസ്ത്രപുരോഗതി ഉണ്ടായതായി അവകാശപ്പെട്ടു. ആ ശാസ്ത്രപുരോഗതി മനുഷ്യരാശിയെ കൂട്ടത്തോടെ കൊന്നൊടുക്കുന്നതിന് മാത്രമേ സഹായിച്ചുള്ളൂ. മാനവരാശിയെ ലജ്ജയിലേക്ക് ആഴ്ത്തിക്കളയാൻ മാത്രമേ മനുഷ്യനെ അവകാശപ്പെട്ട പുരോഗതി വഴിതെളിയിച്ചുള്ളൂ. എന്താണ് പ്രശ്നം?

**വായിക്കുക: റോമ. 1:22-32. ആദ്യ നൂറ്റാണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവവികാസങ്ങൾ എല്ലാംതന്നെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വെളിപ്പെട്ടിരിക്കുന്നു എന്ന് നാം എങ്ങനെ മനസ്സിലാക്കും?**

ക്രിസ്തുമതത്തിലേക്ക് കടന്നു വരുന്നതിന് നമുക്ക് വിശ്വാസം വേണം. എന്തൊക്കെ നാം വിശ്വസിക്കണം? മരിച്ചവരുടെ പുനഃരുത്ഥാനം, യേശുക്രിസ്തുവിന്റെ പുനഃരാഗമനം, (വീണ്ടുംവരവ്), പുതിയ ആകാശവും, പുതിയ ഭൂമിയും, ഇവയൊക്കെ നാം വിശ്വസിക്കണം. വീഴ്ച ഭവിച്ച മനുഷ്യകുലത്തിന്റെ അവസ്ഥയെപ്പറ്റി നാം ചിന്തിക്കണം. വീഴ്ച സംഭവിച്ച മനുഷ്യവർഗ്ഗത്തിന്റെ അവസ്ഥയുടെ പരിണിതഫലം നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു.

**നമ്മുടെ ശ്രദ്ധ റോമ. 1:22,23. എന്നീ വാക്യങ്ങളിലേക്ക് കേന്ദ്രീകരിക്കുക. ഈ വേദഭാഗങ്ങളിലുള്ള തത്വം ഇപ്പോൾ എങ്ങനെ വെളിവായി? ദൈവാസ്തി**

**ത്വത്തെ നിരാകരിച്ചുകൊണ്ട്, ദൈവത്തെ മറ്റു ജീവജാലങ്ങളുടെ രൂപ സാദൃശ്യ മാക്കിമാറ്റാൻ എപ്രകാരം മനുഷ്യന് കഴിയുന്നു? അങ്ങനെ ചെയ്യുന്നതുകൊണ്ട് സ്വയം എങ്ങനെ മൂഢൻ ആകുന്നു? ഇവയ്ക്കുള്ള ഉത്തരം ശബ്ബത്തിൽ ക്ലാസിൽ ചർച്ച ചെയ്യുക.**

**ബുധൻ** **ഒക്ടോബർ 18**

**എന്താണ് യെഹൂദനും യവനനും പൊതുവായി പങ്കുവയ്ക്കുന്നത്?**

റോമാലേഖനം ഒന്നാം അദ്ധ്യായത്തിൽ പൗലൊസ് യവനക്രിസ്ത്യാനികളുടെയും, വിഗ്രഹാരാധികളുടെയും പ്രത്യേകതരം പാപത്തെക്കുറിച്ചാണ് വിശകലനം ചെയ്യുന്നത്. വളരെ മുമ്പുതന്നെ ദൈവത്തെക്കുറിച്ചുള്ള അറിവ് നഷ്ടപ്പെട്ട ഒരു സമൂഹത്തെക്കുറിച്ചും, അവരുടെ പ്രത്യേകതരം പാപത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. ഇക്കൂട്ടർ എല്ലാംതന്നെ വളരെ തരംതാണ ശൈലിയിലേക്ക് അധഃപതിച്ചിരുന്നു.

എന്നാൽ തന്റെ സ്വന്തജനവും രാജ്യക്കാരും അങ്ങനെ സാത്താന്റെ ചതിക്കുഴിയിലേക്ക് നിപതിക്കാൻ പൗലൊസ് അനുവദിക്കുന്നില്ല. സാദ്ധ്യമായ എല്ലാ ആനുകൂല്യങ്ങളും അവർക്ക് നൽകിയിരുന്നുവെങ്കിലും (റോമ.3:1,2) അവരും പാപികൾ ആയിരുന്നു. ദൈവത്തിന്റെ കല്പനപ്രകാരം കുറ്റക്കാരാണ്. തന്മൂലം കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷിക്കുന്ന കൃപ അവർക്കും ആവശ്യമാണ്. ആ അർത്ഥത്തിൽ, എന്നുവച്ചാൽ പാപികൾ ആയിരിക്കുമ്പോൾതന്നെ, ദൈവകല്പന ലംഘിച്ചതുകൊണ്ട്. യഹൂദനും യവനനും ഒരുപോലെ ദൈവകൃപ ആവശ്യമാണ്.

**വായിക്കുക: റോമ. 2:1-3,17-24. എന്തിനെതിരെയാണ് പൗലൊസിന്റെ ഇവിടെയുള്ള മുന്നറിയിപ്പ്? ഈ മുന്നറിയിപ്പിൽനിന്നും എന്തു സന്ദേശമാണ് യെഹൂദനും യവനനും കൈക്കൊള്ളേണ്ടത്? ഇതിൽനിന്നും എന്താണ് നാം പഠിക്കേണ്ടത്?**

“എല്ലാറ്റിനുമുപരി, എല്ലാ ജാതികളും പാപികളാണെന്ന് അപ്പൊസ്തലൻ കാണിച്ചുകൊടുക്കുന്നു. പ്രത്യേകാൽ, യെഹൂദൻ പാപത്തിലാണ് ജീവിക്കുന്നതെന്ന് അപ്പൊസ്തലൻ വളരെ ശക്തമായി ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനുംമേൽ, യെഹൂദൻ കല്പന അനുസരിക്കുന്നതിന് പുറമേ എല്ലാവരുടെയും മുമ്പിൽ വിളങ്ങേണ്ടതിനാണ് എന്ന് കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അല്ലാതെ, യെഹൂദൻ കല്പന അനുസരിക്കുന്നത് ആത്മാവിന്റെ പ്രേരണയാൽ അല്ലെന്ന് വ്യക്തമാണ്” Martin Luther Commentary on Romans P. 61.

സാധാരണയായി മറ്റുള്ളവരുടെ പാപം ചൂണ്ടിക്കാണിക്കുന്നത് വളരെ നിസ്സാരമായി ചെയ്യാവുന്നതാണ്. അതുപോലുള്ളതോ, അതിനെക്കാൾ കാഠിന്യമേറിയ മറ്റു പാപങ്ങളോ പലപ്പോഴും നാം ചെയ്യാറുണ്ട്, മിക്കപ്പോഴും പാപം ചെയ്യുന്നതുകൊണ്ട് കുറ്റബോധം ഉണ്ടാകാറില്ല നമ്മുടെ തെറ്റിനെതിരേ പലപ്പോഴും നാം നമ്മുടെ കണ്ണ് കുരുടാക്കാറുണ്ട്. അല്ലെങ്കിൽ മറ്റുള്ളവരുടെ പാപവുമായി നമ്മുടെ പാപം താരതമ്യം ചെയ്യുമ്പോൾ നാം മറ്റുള്ളവരെക്കാൾ വളരെ മെച്ചം ആണെന്ന് നമുക്കു തോന്നാം. അതാണ് നമ്മുടെ പ്രശ്നം.

എന്നാൽ പൗലൊസിനെ സംബന്ധിച്ച് ഇതൊന്നുമല്ല പ്രശ്നം. പുറത്തുള്ള ജാതികളെ വിധിക്കുന്നതിന് തിടുക്കം കൂട്ടരുതെന്ന് പൗലൊസ് മുന്നറിയിപ്പുതരുന്നു. കാരണം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യെഹൂദർപോലും പാപികൾ ആകുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ ജാതികളെക്കാൾ കുറ്റക്കാർ യെഹൂദരാണ്, കാരണം അവർക്ക് ജാതികളെക്കാൾ കൂടുതൽ വെളിച്ചം ലഭിച്ചിട്ടുണ്ട്. തന്മൂലം അവരാണ് വേഗം വിധിക്കപ്പെടുന്നവർ.

നമ്മൾ ആരുംതന്നെ നീതീമാന്മാർ അല്ല എന്നുള്ളതാണ് പൗലൊസിന്റെ വാദം. ആരും തന്നെ ദൈവീക നിലവാരത്തിൽ എത്തുന്നില്ല. നമ്മളിൽ ആരും തന്നെ ജന്മനാ നന്മയുള്ളവരല്ല. പൈതൃകമായി വിശുദ്ധരുമല്ല. യെഹൂദനോ, യവനനോ, സ്ത്രീയോ, പുരുഷനോ, ധനാഢ്യനോ, ദരിദ്രനോ, ദൈവഭയമുള്ളവനോ, ദൈവഭയമില്ലാത്തവനോ, ദൈവത്തെ നിഷേധിക്കുന്നവനോ, ആരായാലും എല്ലാവരും ശിക്ഷയ്ക്ക് വിധേയരാണ്. സുവിശേഷത്തിൽ വെളിപ്പെടുത്തിയിട്ടുള്ളതുപോലെ ദൈവ കൃപയ്ക്ക് നാം യോഗ്യരാണ്. അല്ലാത്തപക്ഷം നമ്മൾ പ്രത്യാശയറ്റവരായി പോകുമായിരുന്നു.

**നാം തന്നെ കുറ്റക്കാരാകുന്ന പല പ്രശ്നങ്ങൾക്കും മറ്റുള്ളവരെ, കൂടെക്കൂടെ കുറ്റക്കാരാക്കുന്ന പ്രവണത മനസ്സിലെങ്കിലും നമ്മളിലുണ്ടോ? പൗലൊസിന്റെ ഉപദേശം സ്വീകരിക്കുന്നതിലൂടെ എങ്ങനെ നമുക്ക് മാറ്റം ഉണ്ടാകും?**

**വ്യാഴം** **ഒക്ടോബർ 19**

**സുവിശേഷവും മാനസാന്തരവും**

**മാനസാന്തരം എന്ന വിഷയത്തിൽ, നമ്മുടെ ചോദ്യങ്ങൾക്കുള്ള എന്തു ദൂതാണ് നമുക്ക് ഇവിടെ ലഭിക്കുന്നത്? (റോമ. 2:4). "അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നു അറിയാതെ നീ അവന്റെ, ദയ, ക്ഷമ, ദീർഘശാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ"?**

ദൈവത്തിന്റെ നീതി, ഒരു പാപിയെ മാനസാന്തരത്തിലേക്കു നയിക്കുന്നത്, 'നിർബന്ധത്താലല്ല' എന്ന തിരുവചന സത്യത്തിലേക്ക് നമുക്ക് നമ്മുടെ ശ്രദ്ധകേന്ദ്രീകരിക്കാം. ദൈവം ഒരിക്കൽപ്പോലും നിർബന്ധിക്കുന്നില്ല. നിത്യനായ ദൈവം തന്റെ അളവില്ലാത്ത സഹിഷ്ണതമൂലം എല്ലാവരെയും തന്റെ സ്നേഹവലയത്തിലേക്ക് ആകർഷിക്കുന്നു. നിർബന്ധപൂർവ്വമുള്ള മാനസാന്തരം, മനസാന്തരത്തിന്റെ ഉദ്ദേശശുദ്ധി നഷ്ടമാക്കിക്കളയും. അതു ശരിയല്ലേ? ദൈവം നിർബന്ധിച്ച് മാനസാന്തരപ്പെടാൻ അവസരം ഉണ്ടാക്കിയാൽ എല്ലാവരും രക്ഷയിലേക്ക് കടന്നുവരില്ല. കുറച്ചുപേർ മനം തിരിയുകയും ബാക്കിയുള്ളവർ അനുതാപമില്ലാത്തവരായി ജീവിക്കും. എന്തിന് കുറച്ചുപേരെ നിർബന്ധിക്കണം? എന്തിന് മറ്റുള്ളവരെ ഉപേക്ഷിക്കണം? മാനസാന്തരം എന്നാൽ നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് അനുകൂലമായി, പൂർണ്ണ മനസ്സോടെ പ്രതികരിക്കുക എന്നാണ്. അതേ! മാനസാന്തരം ദൈവത്തിന്റെ ഇഷ്ടദാനമാണ്. എന്നാൽ അത് സ്വീകരിക്കാൻ നമ്മുടെ ഹൃദയം തുറക്കണം. നമുക്കുമാത്രം നമ്മൾ തിരഞ്ഞെടുക്കുന്ന ഒരു ദാനമാണ് മാനസാന്തരം.

ദൈവസ്നേഹം നിരസിക്കുന്നവർക്കും അനുതാപ ഹൃദയ മില്ലാത്തവർക്കും തുടർന്നും അനുസരണ രാഹിത്യത്തിൽ ജീവിക്കുന്നവർക്കും എന്തു സംഭവിക്കും?

റോമ. 2:5-10 വരെയുള്ള ഭാഗത്തും തുടർന്നു റോമാലേഖനം മുഴുവനും, പൗലൊസ് നന്മപ്രവൃത്തികളുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ വിശ്വാസത്തിലൂടെ നീതീകരണം എന്നു പറഞ്ഞാൽ ക്രിസ്തീയ ജീവിതത്തിൽ നന്മപ്രവൃത്തികൾക്ക് സ്ഥാനമില്ല എന്നർത്ഥമാകുന്നില്ല. ഉദാഹരണ മായി റോമ. 2:7 ൽ രക്ഷ ആത്മാർത്ഥമായി അന്വേഷിക്കുന്നവർക്കാണ്. നല്ല പ്രവൃ ത്തിക്ക് വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസ്സും, മാനവും അക്ഷയതയും അന്വേഷിക്കുന്ന വർക്ക് നിത്യജീവൻ ലഭിക്കും. മനുഷ്യ പ്രയത്നം രക്ഷ പ്രാപിപ്പാൻ പര്യാപ്തമല്ല. എന്നാൽ രക്ഷയുടെ അനുഭവത്തിലേക്ക് വരാനുള്ള നല്ല അനുഭവം ആണ്. തിരു വചനം വായിക്കുന്ന ഒരു വ്യക്തിക്കും പ്രവൃത്തി ആവശ്യമില്ല എന്നു പറയില്ല. അനു താപത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരുന്നത് പൂർണ്ണമനസ്സോടെ ആയിരിക്കണം. അനുതാപം ആവശ്യമുള്ള മേഖല കണ്ടെത്തി അത് ദൂരീകരിക്കണം. മാത്രമല്ല അതി നായി ഉറച്ച തീരുമാനവും ഉണ്ടാകണം.

എപ്പോഴൊക്കെ മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരണമെന്ന് നിങ്ങൾക്ക് തോന്നാറുണ്ട്? അങ്ങനെയെങ്കിൽ ആ ആഗ്രഹം ആത്മാർത്ഥമാണോ? അതോ നിങ്ങളുടെ തെറ്റുകളെയും, കുറ്റങ്ങളെയും, പാപങ്ങളെയും, വെള്ള പൂശാനുള്ള ഒരു മറയാണോ? അങ്ങനെയെങ്കിൽ ഒരു മാറ്റം നിങ്ങൾ ആഗ്രഹിക്കുന്നോ? എന്തു കൊണ്ട് നിങ്ങൾ മാറണം?

**വെള്ളി** **ഒക്ടോബർ 20**

"വേദപുസ്തകപരമായ സങ്കേതിക പദങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്, പാപം, ഒരുവൻ അറിയാതെ അവന്റെമേൽ സംഭവിക്കുന്ന ഒരു ദുരന്തമല്ല എന്നാണ്. പിന്നെയോ മനഃപൂർവ്വമായി സംഭവിക്കുന്ന, മനോഭാവംകൊണ്ടോ, തെറ്റായ തിര ഞ്ഞെ ടുപ്പുകൊണ്ടോ ഭവിക്കുന്നതാണ്. അല്പം കൂടി വിശദീകരിച്ചാൽ പാപം എന്നത് നന്മയുടെ അഭാവമല്ല, ദൈവത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് നാം ഉയരാത്തതാണ്. മനുഷ്യൻ മനഃപൂർവ്വം തിരഞ്ഞെടുക്കുന്ന ഒരു പാപപൂർണ്ണമായ വഴിയാണ് പാപം. മനുഷ്യന് അവന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറാവുന്ന ഒരു മാനുഷിക ദൗർബല്യം അല്ല പാപം. കാരണം മനുഷ്യർ അവരുടെ മനോഭാവത്തിലോ, പ്രവൃ ത്തിയിലോ, മനഃപൂർവ്വമായി ദൈവത്തിനെതിരെ പോരാടാൻ ഒരു വഴി തിരഞ്ഞെടു ത്തതാണ്. അത് ദൈവനിയമ ലംഘനമാണ്. അങ്ങനെയുള്ളവർ ദൈവവചനം ശ്രവിക്കുന്നതിൽ നിന്നും അകന്നു നില്ക്കുന്നു. ചുരുക്കത്തിൽ ദൈവ വചനം അല ക്ഷ്യമായി കരുതുന്നു. ദൈവം നിശ്ചയിക്കുന്ന എല്ലാ അതിർവരമ്പുകളും ലംഘി ക്കുന്നതാണ് പാപം. ചുരുക്കമായി പറഞ്ഞാൽ ദൈവത്തിന് എതിരെയുള്ള പോരാട്ട മാണ് 'പാപം'." The Handbook of Seventh Day Adventist Theology (Hagerstown, Md: Review and Herald Publishing Association 2000 P. 239.

"ലോകത്തിന്റെ ഭയാനകമായ ഒരു ചിത്രം എന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ടു. അധാർമ്മികത എല്ലായിടവും നിറഞ്ഞിരിക്കുന്നു. ലൈംഗിക ധാർമ്മികതയാണ് ഇന്നത്തെ കാലഘട്ടത്തിലെ കടുത്ത പാപം. ഇതിനു മുമ്പൊരിക്കൽപ്പോലും ഇത്രയും,

ധൈര്യസമേതം കുറ്റകൃത്യങ്ങൾ അതിന്റെ വികൃത രൂപത്തിൽ ഇന്നത്തെപ്പോലെ തലപൊക്കിയിട്ടില്ല. ആളുകൾ മരവിച്ചതുപോലെ നിലകൊള്ളുന്നു. സദ്ഗുണത്തെയും, സദ്ഭാവത്തെയും സ്നേഹിക്കുന്നവർ നിരാശരായിത്തീർന്നു. കാരണം അധാർമ്മികത ശക്തി പ്രാപിക്കുന്നു. ധൈര്യം സംഭരിക്കുന്നു. വിജയിക്കുന്നു. ഉയർന്നു വരുന്ന അകൃത്യങ്ങൾ അവിശ്വാസികളിലും പരിഹാസികളിലും ഒതുങ്ങുന്നില്ല. ക്രിസ്തീയ വിശ്വാസത്തിലാണെന്ന് അഭിമാനിക്കുന്ന അനേകം സ്ത്രീപുരുഷന്മാർ തെറ്റുചെയ്ത തിൽ ലജ്ജയുള്ളവരാണ്. എന്നാൽ കർത്താവിന്റെ രണ്ടാംവരവിന്റെ പ്രത്യക്ഷതയ്ക്കു വേണ്ടി നോക്കിപ്പാർക്കുന്നു എന്നവകാശപെടുന്നവർപോലും ആ സംഭവത്തിനായി സാത്താനെക്കാൾ ഒട്ടും കൂടുതൽ ഒരുങ്ങിയിട്ടില്ല. മലിനതകളിൽ നിന്നും ഒട്ടും അവർ അവരെ ശുദ്ധീകരിച്ചിട്ടില്ല അവരുടെ ലോകസ്നേഹത്തെ താലോലിച്ച് പുഷ്ടിപ്പെടു ത്തിക്കൊണ്ടിരിക്കുന്നു. അവരുടെ സഹജമായ പ്രാപഞ്ചിക ചിന്തകൾ അശുദ്ധിയുള്ള താണ്. അവരുടെ ഭാവനകളും അസാന്മാർഗ്ഗികമാണ്. EGW, Testimonies for the Church Vol. 2, P. 200.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ഇന്നത്തെ സംഭവവികാസങ്ങളും അനുബന്ധകാര്യങ്ങളും കണ്ടിട്ട്, മാനവരാശി പുരോഗമിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു എന്ന് ശക്തമായി വാദിക്കുന്നവരോട് എന്തു മറുപടി നിങ്ങൾ പറയും? അവർ നിരത്തുന്ന തർക്കങ്ങളോട് നിങ്ങളുടെ സമീപനം എങ്ങനെ?

2. വെള്ളിയാഴ്ചത്തെ പഠനഭാഗത്തുള്ള എലൻ ജി. വൈറ്റിന്റെ ഉദ്ധരണികളിൽ നോക്കുക. നിങ്ങളാണ് അതിൽ ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ എന്താണ് നിങ്ങ ളുടെ ഉത്തരം? നിരാശയിൽ ഉപേക്ഷിച്ചുകളയാതെ വാഗ്ദത്തങ്ങൾ പ്രത്യേകിച്ച് (1) ക്ഷമയും (2) ശുദ്ധീകരണവും ചോദിച്ചു വാങ്ങണം. എന്തുകൊണ്ട് ഇത് പ്രാധാന്യം അർഹിക്കുന്നു. (1) ഇനിയും ഒരു പ്രയോജനവും ഇല്ല. (2) ഇനിയും മടങ്ങിവരാൻ ഒരു സാദ്ധ്യതയും ഇല്ല. (3) ദുഷിക്കപ്പെട്ടവനാണ് (4) അതുകൊണ്ട് എല്ലാ ശ്രമങ്ങളും ഉപേക്ഷിക്കുക, ഇങ്ങനെ ആരാണ് നിങ്ങളോട് പറയുന്നത്? സാത്താനല്ലേ? “ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോക, ഇനിയും പാപം ചെയ്യരുത്” (യോഹ.8:11). നിങ്ങൾ ആരുടെ ഉപദേശം ശ്രദ്ധിക്കും?

3. ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് മനുഷ്യന്റെ പാപാവസ്ഥയും സാന്മാർഗ്ഗി കാധഃപതനവും അറിഞ്ഞിരിക്കണമെന്നത് എന്തുകൊണ്ട് പ്രാധാന്യം അർഹി ക്കുന്നു? ഇത്രയും സങ്കടകരമായ എന്നാൽ വാസ്തവമായ സത്യത്തിന്റെ നേരേ നമ്മൾ കണ്ണടച്ചാൽ എന്തു സംഭവിക്കും? നമ്മുടെ അവസ്ഥയെക്കുറിച്ചുള്ള തെറ്റായ അറിവ് എന്ത് അപകടങ്ങളിലേക്ക് നമ്മെ നയിക്കും?

4. എണ്ണിക്കൂടാത്ത നവോത്ഥാന വിശ്വാസികൾ വിശ്വാസം ത്യജിക്കാതെ മരണത്തെ വരിച്ച ചരിത്ര സത്യം ചിന്തിച്ചുനോക്കുക. വിശ്വാസത്തിൽ നാം എത്രമാത്രം ശക്തരാണ്? വേണ്ടിവന്നാൽ വിശ്വാസത്തിനുവേണ്ടി മരണം തിരഞ്ഞെടുക്കാൻ നാം ശക്തരാണോ?